(ഡി) പ്രസ്തുത ആനുകൂല്യങ്ങൾക്കുള്ള സബ്സിഡി അൻപതു ശതമാനമായി വർദ്ധിപ്പിക്കുവാൻ നടപടിയെടുക്കുമോ;

(ഇ) ഈ വർഷം നൽകേണ്ടതായ ഇത്തരം ആനുകൂല്യങ്ങൾക്കുള്ള തുകയ്ക്ക് ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റി അംഗീകാരം നൽകിയിരുന്നോ;

(എഫ്) ഈ വർഷം പ്രസ്തുത ഇനത്തിൽ നൽകേണ്ട തുകയ്ക്ക് ഉടനടി അംഗീകാരം നൽകുവാൻ ജില്ലാ പ്ലാനിംഗ് കമ്മിറ്റികൾക്ക് നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭവനനിർമ്മാണം, മത്സ്യബന്ധന ഉപകരണങ്ങൾ സ്വായത്തമാക്കുക, മറ്റു ജീവിത അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാഭ്യാസ സൗകര്യങ്ങൾ, മത്സ്യക്കച്ചവടം, മത്സ്യവിപണനം എന്നിവയ്ക്ക് ആവശ്യമായ ധനസഹായം തദ്ദേശ ഭരണസ്ഥാപനങ്ങൾ നൽകിവരുന്നുണ്ട്.

(ബി) ഫിഷറീസ് വകുപ്പും മത്സ്യഫെഡും നിശ്ചയിച്ചിട്ടുള്ള സബ്സിഡി നിരക്കുകളാണ് തദ്ദേശ ഭരണ സ്ഥാപനങ്ങളും നൽകിവരുന്നത്.

(സി) ഇല്ല.

(ഡി) പരിഗണനയിലില്ല.

(ഇ) പ്രോജക്ടുകൾക്ക് ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റിയാണ് അംഗീകാരം നൽകുന്നത്.

(എഫ്) നടപടി സ്വീകരിക്കുന്നതാണ്.

ആഹാര സാധനങ്ങളിൽ മായം ചേർത്തതായുള്ള കേസുകൾ

120 [896] ശ്രീ. തോമസ് ഉണ്ണിയാടൻ:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:

ശ്രീ. ജോസഫ് എം. പുതുശ്ശേരി:

,, സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-ൽ മായം ചേർക്കൽ നിയമപ്രകാരം മായം കലർന്നതായി സംശയിച്ച എത്ര സാമ്പിളുകൾ ഫുഡ് ഇൻസ്പെക്ടർമാർ ശേഖരിച്ചു നൽകിയിട്ടുണ്ട്;

(ബി) ഇങ്ങനെ ശേഖരിക്കപ്പെട്ട സാമ്പിളുകളിൽ എത്ര എണ്ണത്തിൽ മായം കലർന്നതായി പരിശോധനാഫലം ലഭിച്ചിട്ടുണ്ട് ;

(സി) ഇവയിൽ എത്ര കേസുകൾ കോടതിക്കുമുൻപാകെ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇവയിൽ കുറ്റക്കാരെ ശിക്ഷിച്ച കേസുകൾ എത്രയെന്ന് വെളിപ്പെടുത്താമോ ;

(ഇ) ഫുഡ് അഡൽറ്ററേഷൻ കേസുകൾ ദുർബ്ബലമാകുന്ന സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) 16218 സാമ്പിളുകൾ.

(ബി) 289 എണ്ണം.

(സി) 254 കേസുകൾ വിവിധ കോടതികളിൽ ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) 2004-ൽ ഫയൽ ചെയ്ത കേസുകൾ വിവിധ കോടതികളിൽ നടന്നു വരുന്നു. പ്രസ്തുത കേസുകളുടെ വിധി പ്രഖ്യാപനം പ്രതീക്ഷിച്ചുവരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സാംക്രമിക രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണം

121 [897] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2004-ൽ എലിപ്പനി, ഡങ്കിപ്പനി, മലമ്പനി ഇവ ബാധിച്ച് എത്രപേർ മരണപ്പെട്ടിട്ടുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ;

(ബി) പ്രസ്തുത രോഗങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ ?

ഉത്തരം

(എ)

ജില്ല	എലിപ്പനി	ഡങ്കിപ്പനി	മലമ്പനി
(1)	(2)	(3)	(4)
തിരുവനന്തപുരം	1	..	1
കൊല്ലം	12	1	..
പത്തനംതിട്ട	11	..	..
ആലപ്പുഴ	12	1	3
കോട്ടയം	12	2	..

LIBRARY ARCHIVES Kerala Legislative Assembly